മൂലധനമായും 25,000 രൂപ പ്രവർത്തന മൂലധന ഗ്രാന്റായും അനുവദിച്ചു. 2002-2003-ൽ ഒരു സംഘത്തിന് 25,000 പ്രവർത്തനമൂലധനമായി നൽകി. 2003-2004-ൽ 3 സംഘങ്ങൾക്കായി ആകെ ഒരു ലക്ഷം രൂപ ഓഹരി മൂലധനമായും 75,000 രൂപ പ്രവർത്തനമൂലധന ഗ്രാന്റായും നൽകി. 2004-2005-ൽ 3 സംഘങ്ങൾക്കായി 75,000 രൂപ ഓഹരി മൂലധനമായും 25,000 രൂപ പ്രവർത്തനമൂലധന ഗ്രാന്റായും നൽകി.

10. വരൾച്ചാ ദുരിതാശ്വാസം എന്ന നിലയ്ക്ക് ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റിയ ഇനത്തിൽ 15937 പേർക്ക് 1420.08 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിച്ചു.

11. സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം 2001-2002 വർഷത്തിൽ 2 സംഘങ്ങൾക്കായി 27.84 ലക്ഷം രൂപ ഓഹരിയായും 27.84 ലക്ഷം രൂപ വായ്പയായും നൽകി.

12., ജില്ലയിലെ വിവിധ വിപണന സംഘങ്ങൾക്ക് 2001-2002-ൽ മാർജിൻ മണി വായ്പയായി 1.34 ലക്ഷം രൂപയും ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി തുകയായി 12.50 ലക്ഷം രൂപയും നൽകി. 2002-2003-ൽ യഥാക്രമം 11,22,000 രൂപയും 19,25,000 രൂപയും ഈ ഇനത്തിൽ നൽകി. 2003-2004-ൽ മാർജിൻ മണി വായ്പയിനത്തിൽ 90,00,000 രൂപ നൽകുകയുണ്ടായി. 2004-2005-ൽ ഗോഡൗൺ നിർമ്മാണത്തിന് വായ്പയായി 1,87,500 രൂപയും ഓഹരിയായി 45,000 രൂപയും ഫാർമേഴ്സ് സെന്റർ തുടങ്ങുന്നതിനുള്ള ഓഹരി മൂലധനമായി 11,45,000 രൂപയും നൽകി.

13. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 2000-2001-ൽ ടി.എസ്.പി. പദ്ധതിപ്രകാരം 22,000 രൂപയും 2001-2002-ൽ എസ്. സി. പി. പദ്ധതി പ്രകാരം ഓഹരി മൂലധനമായി 50,000 രൂപയും ടി.എസ്.പി. പദ്ധതിയിൻകീഴിൽ ഓഹരി മൂലധനമായി 50,000 രൂപയും 2003-2004-ൽ സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ഓഹരി മൂലധനമായി 3 ലക്ഷം രൂപയും അനുവദിച്ചു.

2004-2005-ൽ എൻ.സി.ഡി.സി. ഓഹരി മൂലധനമായി 3.88 ലക്ഷം രൂപയും എൻ.സി.ഡി.സി. വായ്പയായി 10.07 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഒരു ലക്ഷം രൂപ സബ്സിഡിയായും വിതരണം ചെയ്തിട്ടുണ്ട്.

(ഇ) കോപ്പികൾ ശേഖരിച്ചുവരുന്നു.

**സഹകരണ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും**

84 [1409] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എത്ര സഹകരണ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിലൂടെ എത്ര കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ട്;

(സി) സഹകരണ മെഡിക്കൽ കോളേജുകൾക്ക് ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി എന്തു തുക മുതൽമുടക്ക് വന്നിട്ടുണ്ട്;

(ഇ) ഈ പണം എങ്ങനെയാണ് സമാഹരിച്ചത്?

*ഉത്തരം*

(എ) രണ്ട് മെഡിക്കൽ കോളേജുകളും, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ 5 എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിന് പ്രതിവർഷം 100 കുട്ടികൾക്കും കൊച്ചി മെഡിക്കൽ കോളേജിൽ 100 കുട്ടികൾക്കും 5 എഞ്ചിനീയറിംഗ് കോളേജുകളിലായി 1260 കുട്ടികൾക്കും പ്രവേശനം നല്കാൻ കഴിയും.

(സി) ഉണ്ട്.

(ഡി) പരിയാരം മെഡിക്കൽ കോളേജിൽ ഉദ്ദേശം 160 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, ആശുപത്രി ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജിനായി 52,79,42,161 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

(ഇ) പരിയാരം മെഡിക്കൽ കോളേജിൽ ഹഡ്കോ വായ്പ, സർക്കാർ വായ്പ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നുമുള്ള ഷെയറും സ്ഥിര നിക്ഷേപവും വഴിയാണ് പണം സമാഹരിച്ചത്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ സഹകരണ സ്ഥാപനങ്ങളിൽനിന്നുള്ള ട്രഷറി നിക്ഷേപത്തിന്റെ ഇൻസെന്റീവ് തുക, സഹകരണ സ്ഥാപനങ്ങൾ നൽകിയ സാമ്പത്തിക സഹായം, എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ എന്നീ ഇനങ്ങളിലാണ് ഈ തുക സമാഹരിച്ചിട്ടുള്ളത്.

**മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെങ്കര ശാഖയുടെ ഉദ്ഘാടനം**

85 [1410] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly